# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി 'സേ'പരീക്ഷ 2012 നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**ജി ഒ(ആർ റ്റി) നം: 1403/2012/പൊ.വി.വ.** **തീയതി, തിരുവനന്തപുരം, 22/3/2012**

---

പരാമർശം: പരീക്ഷാകമ്മീഷണറുടെ 15/3/2012 ലെ സി.ജനറൽ (1)/17991/2012/സിജിഇ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2012 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ ഏതെങ്കിലും രണ്ട് വിഷയങ്ങൾക്ക് D+ ഗ്രേഡെങ്കിലും ലഭിക്കാത്ത കുട്ടികൾക്ക് ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനായി 2012 മെയ്/ജൂൺ മാസം 'സേ' പരീക്ഷ നടത്തുന്നതിന് ചുവടെ കൊടുക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2012 മാർച്ചിൽ റഗുലർ വിഭാഗത്തിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഏതെങ്കിലും രണ്ടു വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡെങ്കിലും ലഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
2. പ്രസ്തുത പരീക്ഷയിൽ രണ്ടു പേപ്പറുകൾക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെ വന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.
3. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. എന്നാൽ അപേക്ഷ വിദ്യാർത്ഥി പരീക്ഷ എഴുതിയ സെന്ററിൽ നൽകിയാൽ മതിയാവുന്നതാണ്.
4. എഴുത്തു പരീക്ഷയുടെ സ്കോർ മാത്രമേ 'സേ' പരീക്ഷയിലൂടെ മെച്ചപ്പെടുത്താനാവൂ.
5. ഐ.ടി.പരീക്ഷയിൽ തിയറി പരീക്ഷ മാത്രമായിരിക്കും 'സേ' പരീക്ഷയിൽ ഉൾപ്പെടുത്തുക.
6. 2012 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് 'സേ' പരീക്ഷയ്ക്ക് അപേക്ഷ നല്കാവുന്നതാണ്.
7. ഗൾഫ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും 'സേ' പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതുന്നതിലേക്കായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
8. 'സേ' പരീക്ഷയ്ക്ക് പുനർ മൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.

9. കൂടാതെ 2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ അവർക്ക് രണ്ടിൽ കൂടുതൽ പേപ്പർ പരീക്ഷയെഴുതുന്നതിന് അനുവാദമുണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

10. 'സേ' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ. അബ്ദുൾ ലത്തീഫ്**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാകമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്. (വ്യാപകമായ പ്രചാരണത്തിന്)
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, IT@ സ്കൂൾ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

k